# രണ്ടാമത് ഇന്ത്യ-ഇറ്റലി കോൺസുലാർ ഡയലോഗ്

ഫെബ്രുവരി 29, 2024

2024 ഫെബ്രുവരി 29-ന്, രണ്ടാമത് ഉഭയകക്ഷി കോൺസുലാർ ഡയലോഗിനായി ഇന്ത്യയുടെയും ഇറ്റലിയുടെയും മുതിർന്ന ഉദ്യോഗസ്ഥർ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിദേശകാര്യ മന്ത്രാലയ സെക്രട്ടറി (CPV&OIA) ശ്രീ. മുക്തേഷ് കുമാർ പർദേശിയാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്. CPV ജോയിന്റ് സെക്രട്ടറി ഡോ. കെ.ജെ ശ്രീവാസ്തവയും വിദേശകാര്യ മന്ത്രാലയത്തിലെയും മറ്റ് മന്ത്രാലയങ്ങളിലെയും ഏജൻസികളിലെയും വിവിധ ഡിവിഷനുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും സംഘത്തിൽ ഉണ്ടായിരുന്നു. ഇറ്റാലിയൻ വിദേശകാര്യ മന്ത്രാലയത്തിലെ മൈഗ്രേറ്ററി പോളിസീസ് ആൻഡ് ഇറ്റാലിയൻ എബ്രോഡ് ഡയറക്ടർ ജനറൽ ശ്രീ. ലിയുഗി മരിയ വിഗ്നെയിൽ ആണ് ഇറ്റാലിയൻ സംഘത്തെ നയിച്ചത്. ഇന്ത്യയിലെ ഇറ്റാലിയൻ അംബാസഡർ വിൻസെൻസോ ഡി ലൂക്കയും അദ്ദേഹത്തെ അനുഗമിച്ചു.

രണ്ട് തന്ത്രപ്രധാന പങ്കാളിത്ത രാജ്യങ്ങൾ തമ്മിലുള്ള സംഭാഷണം ഇരു കൂട്ടർക്കും താൽപ്പര്യമുള്ള കോൺസുലാർ വിഷയങ്ങളിൽ ഇരു രാജ്യങ്ങളും പങ്കിടുന്ന ശക്തമായ സഹകരണവും ജനകീയ ബന്ധവും ഊട്ടിയുറപ്പിക്കുന്നതാണ്.

വേഗത്തിലുള്ള വിസ പ്രോസസ്സിംഗ്, വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും സഞ്ചാരം, സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം, MMPA, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, അതാത് രാജ്യത്തെ പൗരന്മാർക്ക് സുഗമമായ യാത്ര സാധ്യമാക്കൽ തുടങ്ങി വിവിധ വിഷയങ്ങളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇരു വിഭാഗവും ചർച്ച ചെയ്തു.

അടുത്ത കോൺസുലർ ഡയലോഗ് ഇരു രാജ്യങ്ങൾക്കും സൗകര്യപ്രദമായ തീയതിയിൽ റോമിൽ വച്ച് നടത്താൻ ഇരുവിഭാഗവും സമ്മതിച്ചു.

**ന്യൂഡൽഹി**
**ഫെബ്രുവരി 29, 2024**